പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 73 — 26.09.2016 ൽ മറുപടിക്ക്

## കോഴിക്കോട് വിമാനത്താവള വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം:** | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് വിമാനത്താവള വികസനത്തിനോടനുബന്ധിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ ; | (എ) ജി.ഒ. (ആർ.റ്റി) നമ്പർ. 3163/14/ആർ.ഡി തീയതി. 11.07.2014, ജി.ഒ. (ആർ.റ്റി) നമ്പർ. 6524/14/ആർ.ഡി തീയതി. 26.12.2014 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2013 ലെ പുതിയ ഭൂമിയേറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ ഇറങ്ങാതിരുന്നതിനാലും 2015 ന് ശേഷമാണ് ഇത് സംബന്ധിച്ച് പുതിയ റൂൾ വന്നത് എന്നതിനാലും ആയതിന് പുതിയ വിജ്ഞാപനം ആവശ്യമാണ്. പുതിയ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ നാളിതുവരെ ചെയ്തുവെന്ന് വിശദമാക്കാമോ ? | (ബി) കഴിഞ്ഞ 3 മാസത്തിനുള്ളിൽ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് പ്രാവശ്യം ജനപ്രതിനിധികളുടേയും, രാഷ്ട്രീയപാർട്ടി നേതാക്കളുടേയും യോഗം നടത്തി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗവും നടത്തി അതിനു ശേഷം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മലപ്പുറത്ത് വച്ച് ഒരു യോഗവും വിളിച്ച് ചേർക്കുകയുണ്ടായി.<br>ഉദ്ദേശം 485 ഏക്കർ ഭൂമിയാണ് റൺവേ നീളം കൂട്ടുവാനും, മറ്റ് വികസനത്തിനും, പുനരധിവാസത്തിനും മറ്റും, ആവശ്യമായിട്ടുള്ളത്. ഭൂവുടമകളുടെ ആവശ്യങ്ങൾ മനസ്സിലാക്കിയും അവരുടെയും പൊതുസമൂഹത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ